# ലഖ്നൗവിൽനിന്നൊരു ശുഭവാർത്ത

**ഇക്കഴിഞ്ഞ** മെയ് 30-ന് യു.പി തലസ്ഥാനമായ ലഖ്നൗവിൽ മുസ്‌ലിം സമുദായത്തെ സംബന്ധിച്ചേടത്തോളം ചരിത്രപ്രധാനമായ ഒരു സംഭവമുണ്ടായി. ലഖ്നൗവിലെ ഒരു കൂട്ടം സുന്നികൾ ചരിത്രപ്രസിദ്ധമായ ഇമാംബാറയിലെ ആസിഫി മസ്ജിദിൽ ചെന്ന്, ശീഈ പണ്ഡിതനായ കൽബെ ജവാദിന്റെ പിറകിൽ ജുമുഅ നമസ്കരിച്ചതാണത്. സാധാരണഗതിയിൽ മുസ്‌ലിംലോകത്തിന് ഇതൊരു വാർത്തയേ ആകേണ്ടതില്ല. ഒരേ അല്ലാഹുവിലും റസൂലിലും ഖുർആനിലും വിശ്വസിക്കുകയും ഒരേ ആരാധനാ കർമങ്ങളനുഷ്ഠിക്കുകയും ചെയ്യുന്നവരെല്ലാം മുസ്‌ലിംകളും പരസ്പരം സഹോദരന്മാരുമാണ്. അവർ ഒരു ആരാധനാലയത്തിൽ ഒന്നിച്ചു ചേർന്ന് നമസ്കരിക്കുന്നതിൽ എന്തു വാർത്തയിരിക്കുന്നു? ശീഈ, സുന്നീ വിഭാഗങ്ങളെ ഒരേ ആദർശത്തിന്റെ വാഹകരായ സഹോദരങ്ങളായി കാണുകയും സമ്പർക്കം പുലർത്തുകയും ചെയ്യുന്ന വ്യക്തികൾ രണ്ടു പക്ഷത്തും ഉണ്ടെന്നത് ശരിയാണ്. പക്ഷേ, പൊതുനിലപാട് അതല്ല. ഇരു കക്ഷികളും പൊതുവിൽ അപരരെ കാണുന്നത് മതഭ്രഷ്ടരായിട്ടാണ്. പലയിടങ്ങളിലും ഇരു കൂട്ടർക്കുമിടയിൽ കടുത്ത ശത്രുതയും നിലനിൽക്കുന്നുണ്ട്. നമ്മുടെ അയൽ രാജ്യമായ പാകിസ്താനിൽ അടുത്ത കാലത്ത് അനേകം ശീഈ-സുന്നീ പള്ളികൾ ബോംബാക്രമണത്തിനിരയാവുകയും നമസ്കാരത്തിനെത്തിയ നിരവധി പേർ കൊല്ലപ്പെടുകയുമുണ്ടായി. സുന്നീ പള്ളികൾ തകർത്തത് ശീഈകളും ശീഈ പള്ളികൾ തകർത്തത് സുന്നികളുമാണെന്നത്രെ കരുതപ്പെടുന്നത്. അമേരിക്കൻ അധിനിവേശത്തിനുശേഷം ഇറാഖിൽ ശീഈ-സുന്നീ സംഘട്ടനം ഒരു തുടർക്കഥയാണ്. ഇറാനിലും, ശീഈ-സുന്നീ ഏറ്റുമുട്ടലുകൾ നടക്കുന്നതായി ഇടക്കിടെ വാർത്ത വരാറുണ്ട്. ഇന്ത്യയിൽ ലഖ്നൗ നഗരം തന്നെ ശീഈ-സുന്നീ സംഘർഷത്തിന് കുപ്രസിദ്ധമാണ്. ഗണ്യമായ തോതിൽ ശീഈകളും സുന്നികളും വസിക്കുന്ന ഇതര നഗരങ്ങളിലും ഏറ്റുമുട്ടലുകൾ അപൂർവമല്ല. ഈ പശ്ചാത്തലം മാത്രമല്ല ലഖ്നൗവിലെ സംയുക്ത ജുമുഅക്ക് വാർത്താപ്രാധാന്യം നൽകുന്നത്. ഇരു വിഭാഗത്തിലെയും അറിയപ്പെട്ട മതപണ്ഡിതന്മാരുടെ അറിവോടും ആശിർവാദത്തോടും കൂടി അരങ്ങേറിയ ഔദ്യോഗിക സംരംഭം എന്നതാണിതിനെ കൂടുതൽ ശ്രദ്ധേയവും ചരിത്രപരവുമാക്കുന്നത്.

തൗഹീദ്, ആഖിറത്ത്, രിസാലത്ത് തുടങ്ങിയ മൗലിക സിദ്ധാന്തങ്ങളിൽ ശീഈകളും സുന്നികളും തമ്മിൽ ഭിന്നതയില്ല. നമസ്കാരം, സകാത്ത് തുടങ്ങിയ അടിസ്ഥാന കർമങ്ങളിലുമില്ല തർക്കം. സിദ്ധാന്തങ്ങൾ വ്യാഖ്യാനിക്കുന്നതിലും കർമങ്ങളുടെ രീതി നിശ്ചയിക്കുന്നതിലുമാണ് അഭിപ്രായാന്തരങ്ങളുള്ളത്. അതെല്ലാം ശാഖാപരമായ അഭിപ്രായ വ്യത്യാസങ്ങളാണ്. മൗലികതത്ത്വങ്ങളിൽ യോജിക്കുന്നവർക്കിടയിലും ആ തത്ത്വങ്ങളുടെ വിശദാംശങ്ങളെക്കുറിച്ചും പ്രായോഗിക രീതികളെക്കുറിച്ചും അഭിപ്രായ വ്യത്യാസങ്ങളുണ്ടാവുക സ്വാഭാവികമാണ്. ഇസ്‌ലാം അതിന്റെ അധ്യാപനങ്ങളുടെയും വിധിവിലക്കുകളുടെയും വിശദാംശങ്ങളിൽ അഭിപ്രായാന്തരങ്ങൾക്ക് പഴുതു നൽകുന്നുണ്ട്. സമുദായത്തിൽ വ്യത്യസ്തമായ അഭിപ്രായങ്ങളുണ്ടാകുന്നത് സമുദായത്തിന് ഗുണകരമാണെന്ന് പ്രവാചകൻ (സ) പ്രസ്താവിച്ചതായി ഉദ്ധരിക്കപ്പെട്ടിരിക്കുന്നു. അടിസ്ഥാന സിദ്ധാന്തങ്ങളിലുള്ള ഐക്യം ഏതു സമൂഹത്തിന്റെയും നിലനിൽപിന് അനിവാര്യമാകുന്നു. എന്നാൽ അതിന്റെ വ്യാഖ്യാനങ്ങളും പ്രയോഗരീതിയുടെ വിശദാംശങ്ങളും എക്കാലത്തും എല്ലാവരും അള്ളിപ്പിടിച്ച് നിൽക്കുന്നതിനർഥം, ആ സമുദായത്തിൽ പുരോഗമനോന്മുഖമായ ചിന്തയും ഗവേഷണവും നടക്കുന്നില്ലെന്നാണ്. പക്ഷേ, അഭിപ്രായാന്തരങ്ങൾ ശത്രുതക്കും വിദ്വേഷത്തിനും കാരണമായിക്കൂടാ. ആയാൽ അതിന്റെ ഫലം പ്രവാചകൻ ചൂണ്ടിക്കാണിച്ചുതന്നതിന്റെ നേർ വിപരീതമായിരിക്കും. വൈവിധ്യമാർന്ന വീക്ഷണങ്ങളുടെ സംവാദവും സമവായവുമാണ് സമുദായത്തിന് മുന്നോട്ടുള്ള വഴി തെളിയിച്ചുകൊടുക്കുന്നത്.

പക്ഷേ, വീക്ഷണവൈജാത്യങ്ങളെ അതിന്റെ രചനാത്മകമായ വശത്തിലൂടെ കാണാനും സമീപിക്കാനുമുള്ള സന്നദ്ധത മുസ്‌ലിം സമുദായം എവിടെയോ കളഞ്ഞുപോയിരിക്കുന്നു. കർമശാസ്ത്രപരമായ വിശദാംശങ്ങളിൽ പോലും തങ്ങളുടേതിൽനിന്ന് വ്യത്യസ്തമായ അഭിപ്രായം പുലർത്തുന്നവരെ മതഭ്രഷ്ടരും ശത്രുക്കളുമായി കാണുന്ന രീതിയാണ് മുസ്‌ലിം സംഘടനകൾ പൊതുവിൽ അനുവർത്തിച്ചുവരുന്നത്. ശീഈ-സുന്നീ ബന്ധത്തിന്റെ മാത്രമല്ല, ഇരു കക്ഷികളുടെയും അവാന്തര വിഭാഗങ്ങൾ തമ്മിലുള്ള ബന്ധത്തിന്റെയും അവസ്ഥ ഇതാണ്. ഇന്ത്യയിൽ മുസ്‌ലിം സമുദായം താരതമ്യേന കൂടുതൽ പ്രബുദ്ധമായ സംസ്ഥാനമാണ് കേരളം. തുടർന്നു നമസ്കരിക്കുന്നതു പോകട്ടെ, ഇതര സുന്നീ സംഘടനകളിൽ പെട്ടവരെ കണ്ടാൽ സലാം ചൊല്ലുന്നതുപോലും നിഷിദ്ധമെന്ന് പിഞ്ചു കുട്ടികളെ ചൊല്ലിപ്പഠിപ്പിക്കുന്നതാണ് നമ്മുടെ സംഘടനാ സംസ്കാരം.

അടുത്ത ഈദുൽ ഫിത്വ്റിന് താനും ശീഈ സമൂഹവും സുന്നീ ഈദുഗാഹിൽ പോയി സുന്നീ ഇമാമിനോടൊപ്പം പെരുന്നാൾ നമസ്കാരം നിർവഹിക്കുമെന്ന് ലഖ്നൗവിലെ ശീഈ നേതാവ് മൗലാനാ കൽബെ സാദിഖ് ഏപ്രിൽ 23-ന് നടത്തിയ പ്രസ്താവനയാണ് പുതിയ ഐക്യനീക്കത്തിന്റെ തുടക്കം. അദ്ദേഹം പറഞ്ഞു: "ശീഈ-സുന്നീ പോരിന്റെ സുദീർഘമായ ചരിത്രം നമുക്കുണ്ട്. സംഘട്ടനവും ശത്രുതയും നമുക്ക് രണ്ടു കൂട്ടർക്കും ഒന്നും നേടിത്തന്നിട്ടില്ല. ശാഖാപരമായ അഭിപ്രായാന്തരങ്ങൾ അട്ടത്തുവെച്ച്, നാം ഒന്നിച്ചുനിന്ന് ശക്തിയാർജിക്കുന്ന ഒരു പുതുയുഗത്തിന് തുടക്കം കുറിക്കേണ്ട സന്ദർഭമാണിത്." കൽബെ സ്വാദിഖിന്റെ പ്രസ്താവം സുന്നീ വൃത്തങ്ങൾ പ്രതീക്ഷിച്ചതിലേറെ സ്വാഗതം ചെയ്തു. തങ്ങളോടൊപ്പം നമസ്കരിക്കാൻ ഈദുഗാഹിലെത്തുന്ന ശീഈ സഹോദരങ്ങളെ സ്നേഹാദരവുകളോടെ സ്വാഗതം ചെയ്യുമെന്നും സാർഥകമായ ശീഈ -സുന്നീ ഐക്യത്തിലേക്കുള്ള സുപ്രധാനമായ ചുവടുവെപ്പായിത്തീരും അതെന്നും സുന്നീ പണ്ഡിതനും ഈദ്ഗാഹ് നാഇബ് ഇമാമുമായ മൗലാനാ ഖാലിദുറശീദ് ഫറങ്കി മുഹല്ല പ്രസ്താവിക്കുകയുണ്ടായി. ശീഈ-സുന്നീ ഐക്യത്തെക്കുറിച്ച് സാമാന്യജനങ്ങളെ ബോധവത്കരിക്കാൻ ഇരുകൂട്ടരും ചേർന്ന് ഒരു കാമ്പയിൻ ആരംഭിച്ചിരിക്കുകയാണ്. ആ കാമ്പയിൻ വിജയകരമാകുന്നു എന്നതിന്റെ പ്രത്യക്ഷമായ തെളിവാണ്, മലീഹാബാദിലെ പൗരപ്രമുഖനായ കലീമുല്ലാഖാന്റെ നേതൃത്വത്തിൽ ഒരു സംഘം സുന്നികൾ ഇമാംബാറയിലെ പള്ളിയിൽ ജുമുഅ നമസ്കാരത്തിനെത്തിയത്. നേതാക്കളുടെ സൗഹൃദ സഭകളിൽ തുടങ്ങുകയും ഒടുങ്ങുകയും ചെയ്യുന്ന കേരളത്തിലെ മുസ്‌ലിം ഐക്യവേദികൾക്ക്, ഐക്യം സമാന്യ ജനങ്ങളിലേക്കെത്തിക്കേണ്ടതെങ്ങനെ എന്നതിന് അനുകരണീയമായൊരു മാതൃകയുണ്ടിതിൽ ■